## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3681** — **20/10/2016 ൽ മറുപടി**

## സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എ.പി. അനിൽ കുമാർ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഇതിനായി സ്കൂളുകളിലെ അക്കാദമിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം തലത്തിലുള്ള സ്കൂളുകളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്ക് ക്ലാസ് മുറികളാക്കി മാറ്റുന്നതിന് 28/09/2016 ലെ സ.ഉ.(പി) 41/2016/ആ.സാ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിൽ 8 മുതൽ12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി ഐടി@സ്കൂൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 1000 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ആദ്യഘട്ടത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലേയും ഓരോ സ്കൂളുകളെ വീതം സ്ഥലം എം.എൽ.എ.-യുടെ ശിപാർശ കൂടി പരിഗണിച്ച് അപ്പ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം അടിസ്ഥാന അക്കാഡമിക് സൗകര്യങ്ങളാണ് സ്കൂളുകളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | അദ്ധ്യാപകർക്ക് പരിശീലനം നൽകി പ്രാപ്തരാക്കുക കൂടാതെ 'On site support monitoring system' ത്തിലൂടെ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. കൂടാതെ എല്ലാ അദ്ധ്യാപകർക്കും ഐ.സി.റ്റി. പരിശീലനവും നൽകുന്നതാണ്. |
| (ഡി) | ഇതിനായി എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഡി) | സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേക്കായി 1000 കോടിയോളം രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്കൂളിന് ഒരു കോടി രൂപ വീതം നൽകി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം, സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കൽ തുടങ്ങിയവയാണ് നടത്തുവാനായി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ